"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ഗസറ്റഡ് ജീവനക്കാരുടെ അവധി നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിച്ച് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ(കൈ)നം.253/2021/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം,02/11/2021

---

പരാമർശം:-

1. 16/02/2015 തീയതിയിലെ സ.ഉ(കൈ)നം.31/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. 04.05.2015 തീയതിയിലെ സ.ഉ(കൈ)നം.157/2015/ത.സ്വ.ഭ.വ ഉത്തരവ്.
3. മുഖ്യ നഗരാസൂത്രകൻ(വിജിലൻസ്)-ന്റെ 21.04.2021 തീയതിയിലെ CTPVIG/392/21 നമ്പർ കത്ത്.

ഉത്തരവ്

നഗര ഗ്രാമാസൂത്രണ വകുപ്പിലെ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ വരെയുള്ള ഉദ്യോഗസ്ഥരുടെ /ഗസറ്റഡ് ജീവനക്കാരുടെ ആകസ്മിക അവധിയും(Casual Leave) 4 മാസം വരെയുള്ള ശൂന്യ വേതന അവധി(Leave Without Allowance) ഉൾപ്പെടെയുള്ള എല്ലാ ലീവുകളും അനുവദിക്കുവാനുള്ള അധികാരം മുഖ്യ നഗരാസൂത്രകന് നൽകി പരാമർശം (1) (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) ഉത്തരവുകൾ റദ്ദ് ചെയ്തും നഗര ഗ്രാമാസൂത്രണ വകുപ്പിലെ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ വരെയുള്ള ഗസറ്റഡ് ജീവനക്കാരുടെ ആകസ്മിക അവധി (Casual Leave ) ഒഴികെയുള്ള മറ്റ് അർഹമായ അവധി നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ച് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കാൻ നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ,(വിജിലൻസ്) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/52/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ